ലേഖനം

സ്വദ്റുദ്ദീൻ വാഴക്കാട്

# ആത്മീയ വിപണിയിലെ 'മുസ്‌ലിം കൗണ്ടർ'

***ഒന്ന്:*** *മടവൂർ സി.എം മഖാം ശരീഫ് 17–ാം ഉറൂസ് മുബാറക് 2007 ഒക്ടോബർ 15,16,17,18,19,20 (ഹിജ്റ 1428 ശവ്വാൽ 4,5,6,7,8,9) തീയതികളിൽ. പ്രമുഖ പണ്ഡിതരും സാദാത്തീങ്ങളും പങ്കെടുക്കുന്നു....*

*രണ്ട്: മടവൂർ സി.എം സെന്റർ ആണ്ടു നേർച്ചയും ദിക്ർ വാർഷികവും 2007 ഒക്ടോബർ 22,23,24,25,26 (ഹിജ്റ 1428 ശവ്വാൽ 12,13,14,15,16) തീയതികളിൽ. സയ്യിദന്മാരും പണ്ഡിത നേതാക്കളും പങ്കെടുക്കുന്നു....*

കോഴിക്കോട് ജില്ലയിലെ നരിക്കുനിക്കടുത്ത മടവൂരിൽ ഖബ്റടക്കപ്പെട്ട സി.എം അബൂബക്കർ മുസ്‌ലിയാരുടെ പേരിൽ മുസ്‌ലിം സമുദായത്തിലെ രണ്ട് യാഥാസ്ഥിതിക ഗ്രൂപ്പുകൾ നടത്തിയ ആണ്ടു നേർച്ചയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പരസ്യങ്ങളിൽനിന്നുള്ളതാണീ ഉദ്ധരണികൾ. ഒരു ഗ്രൂപ്പിന്റെ നേർച്ച അവസാനിച്ച് ഒരു ദിവസം കഴിഞ്ഞപ്പോൾ രണ്ടാം ഗ്രൂപ്പിന്റേത് ആരംഭിച്ചു. ഇതു കൂടാതെ ഒന്നാം ഗ്രൂപ്പിന്റേത് തുടങ്ങുന്ന ദിവസം രണ്ടാം ഗ്രൂപ്പ് 'സി.എമ്മിന്റെ വീട്ടിൽ പ്രത്യേക നേർച്ച' കഴിച്ച് 'സമനില' നേടി! രണ്ടു നേർച്ചകളിലെയും ചടങ്ങുകൾ തമ്മിൽ പറയത്തക്ക അന്തരം ഉണ്ടായിരുന്നില്ല. കൊടി ഉയർത്തൽ, മഖാം സിയാറത്ത്, അനുസ്മരണ പ്രഭാഷണം, സ്വലാത്ത് മജ്‌ലിസ്, മൗലിദ് പാരായണം, മതപ്രസംഗങ്ങൾ, ദിക്റ്–ദുആ സമ്മേളനം, അന്നദാനം..etc. എല്ലാം ഒരു ഗ്രൂപ്പിന്റെ പകർപ്പുതന്നെയാണ് മറു ഗ്രൂപ്പിന്റേതും. എങ്കിൽപിന്നെ ഒരേ ജാറത്തിന്റെ പേരിൽ, ഒരേ സ്ഥലത്ത്, ഒരേ ആചാരങ്ങളോടെ എന്തിനാണ് രണ്ട് നേർച്ചകൾ? സി.എം മുസ്‌ലിയാർ മരിച്ചപ്പോൾ രണ്ട് ഗ്രൂപ്പുകളും രണ്ട് ഖബ്റുകൾ കുഴിച്ച് മയ്യിത്തിന്റെ ഉടമസ്ഥാവകാശത്തിന് ശണ്ഠം കൂടിയിരുന്നു. ഒടുക്കം വിജയിച്ച ഗ്രൂപ്പ് മയ്യിത്ത് ഖബ്റടക്കി 'സി.എം മഖാം' ഉയർത്തി. മറു ഗ്രൂപ്പ് തൊട്ടടുത്ത് 'സി.എം സെന്റർ' സ്ഥാപിച്ചു. എന്തിനാണ് ഈ മത്സരം? ഉത്തരം ഈ വാചകത്തിലുണ്ട്: "നേർച്ചകളും സംഭാവനകളും എത്തിക്കുന്നവരുടെ സൗകര്യം കണക്കിലെടുത്ത് വിവിധ കൗണ്ടറുകൾ തുറന്നിട്ടുണ്ട്" (*ചന്ദ്രിക* 2007 ഒക്ടോബർ 10, കോഴിക്കോട് എഡിഷൻ).

അതെ, ഭക്തിയുടെ ലാഭംമാർക്കറ്റുകളിൽ കൊച്ചു കൊച്ചു കൗണ്ടറുകൾ സ്ഥാപിച്ച് ദീനുൽ ഇസ്‌ലാമിന്റെ പേരിൽ കച്ചവടം നടത്തുന്ന ഗ്രൂപ്പുകളും വ്യക്തികളും ആത്മീയ വിപണിയിലെ 'മുസ്‌ലിം സാന്നിധ്യം' അറിയിച്ചുകൊണ്ടിരിക്കുന്നു. ബഹുരാഷ്ട്ര കോർപറേറ്റ് കമ്പനികൾ പോലുള്ള വൻകിട ആൾദൈവങ്ങളോടും കൾട്ടുകളോടും വൈപുല്യത്തിലും സ്വാധീനത്തിലും സാമ്പത്തികശേഷിയിലും ഒരു നിലക്കും ഇവരെ തുലനം ചെയ്യാനാകില്ലെങ്കിലും, ഭക്തിയുടെ വിപണിയിലെ ഈ പെട്ടിക്കട വ്യാപാരികൾ ഇസ്‌ലാമികാദർശത്തെ കളങ്കപ്പെടുത്തുന്നതിൽ തങ്ങളുടേതായ പങ്കുവഹിക്കുന്നുണ്ട്. ചിലരുടെ സംഘടനാ–ഗ്രൂപ്പ് മാത്സര്യവും സാമ്പത്തിക മോഹങ്ങളുമാണ് മുസ്‌ലിം സമൂഹത്തിൽ ആത്മീയ വിപണനത്തിന് വഴിതുറക്കുന്നത്. ഇസ്‌ലാമിനെക്കുറിച്ച ശരിയായ ജ്ഞാനത്തിന്റെ അഭാവം, അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ദൗർബല്യം, ജീവിതത്തിലെ പ്രതിസന്ധികളെ ക്ഷമാപൂർവം തരണം ചെയ്യാനുള്ള കരുത്തില്ലായ്മ, അവ പെട്ടെന്ന് പരിഹരിച്ചുകിട്ടാൻ കുറുക്കുവഴികൾ അവലംബിക്കാനുള്ള ത്വര, ഭൗതികവിഭവങ്ങളോടുള്ള ആർത്തി, പൗരോഹിത്യത്തിന്റെ ദുഃസ്വാധീനം, ഇസ്‌ലാമിക പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചും കെട്ടുകഥകൾ പ്രചരിപ്പിച്ചും അന്ധവിശ്വാസ വിപണനക്കാർക്ക് പുരോഹിതർ ഒരുക്കുന്ന അനുകൂല ഭൂമിക, ദിവ്യശക്തി അവകാശപ്പെടുന്ന സിദ്ധന്മാരുടെയും ബീവിമാരുടെയും സ്വൈരവിഹാരം തുടങ്ങിയ അനേകം ഘടകങ്ങൾ മുസ്‌ലിംകൾക്കിടയിലെ ആത്മീയ വ്യാപാരത്തിനു പിന്നിലുണ്ട്. മഖ്ബറ, മഹ്ളറ, ജാറം നേർച്ച, സ്വലാത്ത് വാർഷികം, ദിക്ർ–ദുആ സമ്മേളനം, തബർറുക് വിതരണം, സിയാറത്ത് ടൂർ, റാത്തീ

ബ്-മൗലിദ് 'ആസ്വാദനം', സിദ്ധന്മാർ, ബീവിമാർ, മന്ത്രവാദ ചികിത്സ, ബാധയകറ്റൽ, ഖുർആൻ തെറാപ്പി, സൈക്കോതസവ്വുഫ്, ദോഷപരിഹാരം, പ്രവാചകവൈദ്യം, മാനസിക രോഗ-സന്താന സൗഭാഗ്യ ചികിത്സ, 'സർവ പ്രശ്ന പരിഹാരി'കളായ മന്ത്രിച്ചൂതിയ നൂല്, വെള്ളം, ചരട്, ഏലസ്സ്, മോതിരം- ഇത്യാദി വസ്തുക്കളുടെ വിൽപന തുടങ്ങി കച്ചവടമാർഗങ്ങൾ നിരവധിയാണ്. വിവരക്കേടുമൂലം ആത്മീയചന്തയിലെത്തുന്ന അന്ധവിശ്വാസികളായ ഭക്തജനങ്ങൾക്ക് കച്ചവടലാക്കുള്ള 'ആത്മീയ നേതാക്കൾ' ഇവ വിറ്റഴിച്ച് കാശ് വാരുന്നു. ഇതിനെയൊക്കെ ന്യായീകരിക്കാൻ അൽപം വിദ്യാഭ്യാസ- സേവനപ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. മതത്തെ 'ആമാശയപ്രധാന'മായി കാണുന്നവർ ഖൗമിന്റെ നേതൃത്വം അവകാശപ്പെടുന്നത് സർവ ചൂഷണങ്ങൾക്കും സഹായകമായി വർത്തിക്കുന്നു. ഖുർആൻ പറഞ്ഞതെത്ര ശരി: "വിശ്വസിച്ചവരേ, അധിക പണ്ഡിതന്മാരും പുരോഹിതരും ജനങ്ങളുടെ സമ്പത്ത് നിഷിദ്ധ മാർഗങ്ങളിലൂടെ ഭുജിച്ചുകൊണ്ടിരിക്കുകയും അവരെ ദൈവികസരണിയിൽനിന്ന് തടയുകയും ചെയ്യുന്നു" (*അത്തൗബ* 35). സയ്യിദ് മൗദൂദി എഴുതുന്നു: "ഫത്വ നൽകുക, കൈക്കൂലി തിന്നുക, വഴിപാടുകൾ കവരുക, മോക്ഷം വിൽക്കുന്ന മതാചാരങ്ങൾ കെട്ടിച്ചമക്കുക, ജനങ്ങളുടെ ജനന മരണങ്ങളും വിവാഹാഘോഷങ്ങളും മറ്റു സുഖദുഃഖ സന്ദർഭങ്ങളും ഉദരപൂരണത്തിന്റെ മാർഗമാക്കുക, ആളുകളുടെ ഭാഗ്യനിർഭാഗ്യങ്ങൾ തീരുമാനിക്കാനുള്ള കുത്തക കൈക്കലാക്കുക എന്നിത്യാദി മാത്രമല്ല ഈ പുരോഹിതപ്പരിഷകളുടെ തൊഴിൽ. സ്വന്തം കാര്യസിദ്ധിക്കായി ബഹുജനങ്ങളെ ദുർമാർഗത്തിൽ തളച്ചിടുന്ന ഈ ദ്രോഹികൾ, വല്ലവരും സത്യപ്രസ്ഥാനവുമായി രംഗത്തു വരുന്നത് കണ്ടാൽ പാണ്ഡിത്യത്തിന്റെ പരിവേഷമണിഞ്ഞ് സ്വന്തം കുതന്ത്രങ്ങളുമായി സത്യമാർഗത്തിൽ ഇടങ്കോലിടാൻ കച്ചകെട്ടി ഇറങ്ങുകയും ചെയ്യുന്നു" (*തഫ്ഹീമുൽ ഖുർആൻ* വാല്യം 2, പേജ് 178).

ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തന ഫലമായി അജ്ഞതയുടെ ഇരുട്ടറകളിൽനിന്ന് മുസ്‌ലിം സമൂഹം പൊതുവെ മോചനം നേടിയിട്ടുണ്ട്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വ്യാപനത്തിന് അന്ത്യം കുറിക്കപ്പെടുകയും യഥാസ്ഥിതികത്വത്തിന്റെ കോട്ടകൾക്കകത്ത് ബന്ധിക്കപ്പെട്ടവർ വിമോചിതരാവുകയും ചെയ്തിട്ടുണ്ട്. നവോത്ഥാനത്തിന്റെ ഫലമായി നിലവിൽവന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനും പള്ളികളിൽ പോയി ഖുത്വ്ബകൾ ശ്രവിക്കാനും ഖുർആൻ പഠനകേന്ദ്രങ്ങളിലൂടെയും പ്രഭാഷണവേദികളിലൂടെയും ഇസ്‌ലാമിനെ അടുത്തറിയാനും മുന്നോട്ടുവരുന്ന സ്ത്രീ-പുരുഷന്മാർ ഏതെങ്കിലും സംഘടനകൾക്കകത്തുള്ളവർ മാത്രമല്ലല്ലോ. മുസ്‌ലിം പൊതുസമൂഹത്തിൽനിന്നാണ് അവരിലേറെയും വരുന്നത്. വിശേഷിച്ച് വിദ്യാസമ്പന്നരായ പുതിയ തലമുറ ഇസ്‌ലാമിനെ ശരിയായ രീതിയിൽ പഠിച്ചറിയുന്നുണ്ട്. ഈ മാറ്റത്തെ മറികടക്കാനാണ് യാഥാസ്ഥിതികത്വം വല്ലാതെ വിയർക്കുന്നത്.

പൊതു മുസ്‌ലിം സമൂഹത്തിൽനിന്ന് ഏറക്കുറെ നാടുനീങ്ങിയ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സംഘടനാ ചാനലുകളിലൂടെ പ്രവർത്തകവൃത്തത്തിനുള്ളിലെങ്കിലും പിടിച്ചുനിർത്താനാണ് യാഥാസ്ഥിതികർ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഉത്തരാധുനികത സൃഷ്ടിച്ച സാഹചര്യങ്ങളെയും ഹിന്ദുത്വ ദേശീയവാദികളും മറ്റും ഉയർത്തിപ്പിടിക്കുന്ന 'പൈതൃകങ്ങളുടെ പുനരുജ്ജീവനവാദ'ത്തെയും ഇതിന് കൂട്ടുപിടിക്കുന്നുണ്ട്. തജ്ദീദിനെ 'പുനരുത്ഥാന'മാക്കി ദുർവ്യാഖ്യാനിച്ച്, മണ്ണടിഞ്ഞ എല്ലാ ജീർണതകളെയും ദുരാചാരങ്ങളെയും പാരമ്പര്യത്തിന്റെ പേരിൽ മഹത്വവത്കരിച്ച് പുനരവതരിപ്പിക്കാൻ ശ്രമങ്ങൾ നടക്കുന്നു. സംഘടനാ നെറ്റ്‌വർക്കിലൂടെ 'ആത്മീയ' സമ്മേളനങ്ങൾ സംഘടിപ്പിച്ച് ജീർണതകളെ ആഘോഷമാക്കുന്നു. മുമ്പ് ഓരോ മുസ്‌ലിം വീട്ടിലും നടക്കാറുണ്ടായിരുന്ന പല ദുരാചാരങ്ങളും നവോത്ഥാന വെളിച്ചത്തിൽ കുടിയിറങ്ങിയപ്പോൾ, മുസ്‌ലിം പൊതുധാര അവയെ കൈവിട്ടപ്പോൾ മൈതാനങ്ങളിൽ പന്തലിട്ട് സംഘടനാ സമ്മേളനങ്ങളുടെ സ്വഭാവത്തിൽ അവ നടത്തി തിരിച്ചുപിടിക്കാനാണ് ശ്രമം. രണ്ട് ഘടകങ്ങൾ ഈ ശ്രമങ്ങൾക്ക് സഹായകമായി വർത്തിക്കുന്നു: ഒന്ന്, അന്ധവിശ്വാസങ്ങളുടെ അട്ടിപ്പേറുകളുമായി ജീവിച്ച പഴയ തലമുറയിലെ അവസാന കണ്ണികളുടെയും സംഘടനാ സർക്കുലറുകൾ ശിരസ്സാവഹിക്കാൻ ബാധ്യസ്ഥരായ പ്രവർത്തകരുടെയും പങ്കാളിത്തം. രണ്ട്, ആൾദൈവങ്ങളുടെ ആത്മീയവാണിജ്യം പൊതുസമൂഹത്തിൽ സ്വീകരിക്കപ്പെടുന്നത് സമുദായത്തിൽ പരീക്ഷിക്കാനുള്ള നീക്കം. ആൺ-പെൺ ആൾദൈവങ്ങളുടെ ആലിംഗനത്തിലേക്കും ആനന്ദോത്സവങ്ങളിലേക്കും ജീവന കലകളിലേക്കും 'ആത്മീയ' അനുഭൂതികളിലേക്കും ആസ്വാദനങ്ങളിലേക്കും ആളുകൾ ആകർഷിക്കപ്പെടുന്നതിനു പിന്നിലെ മനശ്ശാസ്ത്രം തിരിച്ചറിഞ്ഞാണ്, സ്വലാത്ത്-ദിക്ർ സമ്മേളന നടത്തിപ്പുകാരും ത്വരീഖത്തുകളുടെ ധ്യാനകേന്ദ്രങ്ങളും മുസ്‌ലിം സമുദായത്തിൽനിന്ന് ഉപഭോക്താക്കൾക്ക് വേണ്ടി വലവീശുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അനാഥ-അഗതി മന്ദിരങ്ങളുടെയും നടത്തിപ്പിനാവശ്യമായ പണം കണ്ടെത്താൻ മുസ്‌ലിം സമുദായത്തിൽ ചിലർ ശ്മശാനങ്ങൾ തേടിയിറങ്ങി മഖ്ബറകൾ നിർമിച്ചും പഴയവ പുനരുദ്ധരിച്ചും ചിലതെല്ലാം വിലയ്ക്കു വാങ്ങിയും മേളക്കൊഴുപ്പോടെ ഉറൂസുകൾ നടത്തിയാണ് ആവശ്യമായ 'ഫണ്ട്' സ്വരൂപിക്കുന്നത്!

ഏതൊരു 'മാനസിക രോഗി'യും 'ശൈഖും' മരിച്ചാൽ ഒരു മഖ്ബറക്കുള്ള മൂലധനമായി. മഖ്ബറക്കകത്ത് മയ്യിത്ത് ഉണ്ടാകണമെന്നോ, ഖബ്ർ തന്നെ ഉണ്ടാകണമെന്നോ ആവശ്യമില്ലാത്തവിധം മഖ്ബറ വ്യവസായം 'പുരോഗമി'ച്ചിട്ടുണ്ട്. തമിഴ്നാട്ടുകാരനായ കുപ്പസ്വാമി വാർധക്യവും രോഗവും കാരണം ആരും തിരിഞ്ഞുനോക്കാനില്ലാതെ തെരുവിൽ കിടന്ന് മരിച്ചപ്പോൾ മയ്യിത്ത് പിടിച്ചുവാങ്ങി 'മഹാനായ ഔലിയ'യാക്കി മഖ്ബറ ഉയർത്തിയത് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലാണ്. സമസ്ത എ.പി ഗ്രൂപ്പിന്റെ കാർമികത്വത്തിലാണിത് നടന്നത്. ഈ സംഭവത്തിന്റെ പേരിലാണ് ചില നേതാക്കൾ എസ്.എസ്.എഫിൽനിന്ന് രാജിവെച്ചത്. ലക്ഷങ്ങൾ വരുമാനമുള്ള മഖ്ബറകളിലെ ടോൾ പിരിവ് ടെണ്ടർ വിളിച്ച് കരാർ കൊടുക്കുന്നു (മഖ്ബറ വ്യവസായത്തെക്കുറിച്ച് *പ്രബോധനം* പ്രസിദ്ധീകരിച്ച ലേഖനം കാണുക 2007 ഫെബ്രുവരി 10, വാല്യം: 63 ലക്കം: 34). മഖ്ബറകളിലേക്കും സ്വദേശത്തും വിദേശത്തുമുള്ള 'പുണ്യഭൂമി'കളിലേക്കും ഉള്ള സിയാറത്ത് ടൂറുകൾ സാമ്പത്തിക ചൂഷണത്തിന്റെ മറ്റൊരു വഴിയാണ്. ഖുർആൻ ചരിത്രഭൂമികളിലേക്കും 'മഹാന്മാരുടെ മഖ്ബറ'കളിലേക്കും സന്ദർശന യാത്ര പ്രഖ്യാപിച്ച് ഭക്തരെ വഞ്ചിച്ച ഒരു ട്രാവൽ ഏജൻസിയെക്കുറിച്ച് ഈയിടെ വാർത്ത വന്നിരുന്നു. അറിയപ്പെടുന്ന ഒരു 'ഖുർആൻ പ്രഭാഷകനാ'യിരുന്നു യാത്രാസംഘത്തിന്റെ തലവൻ.

## മൗലികാധ്യാപനങ്ങളിൽ മൗലിക അട്ടിമറി

കൃത്യവും കണിശവുമായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളുമില്ലാത്ത ബഹുദൈവത്വമതങ്ങൾക്കകത്ത് ആൾദൈവങ്ങൾക്കും അന്ധവിശ്വാസ തട്ടിപ്പുകാർക്കും യഥേഷ്ടം വളരാനും ചൂഷണം ചെയ്യാനും സാധിക്കും. ഒരർഥത്തിൽ അത്തരം മതങ്ങൾ തന്നെ അന്ധവിശ്വാസത്തിലധിഷ്ഠിതമാണ്. ചൂഷകരായ പൗരോഹിത്യം മതനേതൃത്വം കൈയാളു

ന്നതാണ് മറ്റു ചില മതങ്ങളുടെ പ്രത്യേകത. എന്നാൽ ഏകദൈവത്വത്തിലധിഷ്ഠിതമായ ഇസ്‌ലാം ഇതിൽനിന്നെല്ലാം സുരക്ഷിതമാണ്. തൗഹീദിൽനിന്ന് രൂപംകൊള്ളുന്ന ഇസ്‌ലാമിക ജീവിതത്തിന്റെ വിശദാംശങ്ങളിൽ പോലും ഈ വക വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഇടമില്ല. ആൾദൈവങ്ങളെപ്പോലെ വളരുന്ന 'ആത്മീയാചാര്യന്മാരും' വിശുദ്ധ ദീനിലില്ല.

അതുകൊണ്ട്, അന്ധവിശ്വാസ പ്രചാരകരായ ആത്മീയ കച്ചവടക്കാർ ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസത്തിൽതന്നെ വെള്ളം ചേർക്കുംവിധത്തിൽ മൗലിക പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചുകൊണ്ടാണ് ആത്മീയ വിപണനത്തിന് കളമൊരുക്കുന്നത്. ബഹുദൈവത്വപരമോ അതിലേക്ക് നയിക്കുന്നതോ ആയ വിശ്വാസാചാരങ്ങൾ തൗഹീദിന്റെ ലേബലിൽതന്നെ അവതരിപ്പിക്കുന്നു. തൗഹീദും ശിർക്കും കൂട്ടിക്കലർത്തുകയും അതിനായി മൗലികപ്രമാണങ്ങൾക്ക് വികല വ്യാഖ്യാനങ്ങൾ ചമക്കുകയും ചെയ്യുന്നു. വിഖ്യാത കവി അൽത്വാഫ് ഹുസൈൻ ഹാലിയെ ഉദ്ധരിച്ച് സയ്യിദ് മൗദൂദി എഴുതുന്നു: ".... എന്നാൽ തൗഹീദ്‌വാദികളായ നമ്മളിൽ ഇപ്പോൾ കണ്ടുവരുന്ന ശിർക്ക് കൂടുതൽ നീചതരമാണെന്ന് ഖേദപൂർവം സമ്മതിക്കേണ്ടിയിരിക്കുന്നു. സന്താനലാഭത്തിന് പ്രാർഥന നടത്തുന്നതു പോലും അല്ലാഹു അല്ലാത്തവരോട്! ഗർഭകാലത്ത് വഴിപാടുകൾ നേരുന്നതും ദൈവേതരന്മാരുടെ പേരിൽ! കുട്ടി ജനിച്ചാലുള്ള നേർച്ചകളും അർച്ചനകളും അന്യരുടെ ആസ്ഥാനങ്ങളിൽ! എന്നിട്ട് ജാഹിലിയ്യാ കാലത്തെ അറബികൾ മുശ്‌രിക്കുകൾ, ഇവരോ തികഞ്ഞ മുവഹ്ഹിദുകൾ! അവർക്ക് നരകം, ഇവർക്ക് സ്വർഗം! അവരുടെ വഴികേടുകളെ അതിനിശിതമായി വിമർശിക്കാം, ഇവരുടെ മാർഗഭ്രംശത്തെ ചെറുതായൊന്ന് ചോദ്യം ചെയ്തുപോയാൽ മതി; മതസഭകളിൽ ബഹളമായി, കോളിളക്കമായി. ഈ ദുഃഖസത്യം കണ്ട് മഹാകവി ഹാലി തന്റെ *മുസദ്ദസിൽ* ഇങ്ങനെ വിലപിക്കുന്നു:

*ഇതരന്മാർ വിഗ്രഹപൂജ നടത്തിയാൽ കാഫിർ,*
*ദൈവത്തിന് പുത്രനെ സങ്കൽപിച്ചാൽ കാഫിർ,*
*അഗ്നിക്കു മുമ്പിൽ പ്രണമിച്ചാൽ കാഫിർ,*
*നക്ഷത്രങ്ങളിൽ ദിവ്യശക്തി ദർശിച്ചാൽ കാഫിർ.*
*എന്നാൽ വിശ്വാസികൾക്ക് വിശാലമാണ് മാർഗങ്ങൾ;*
*ആരെ വേണമെങ്കിലും യഥേഷ്ടം ആരാധിക്കാം,*
*നബിയെ വേണമെങ്കിൽ ദൈവമായി കാണിക്കാം,*
*ഇമാമുകളുടെ പദവി നബിയേക്കാൾ ഉയർത്താം,*
*ജാറത്തിങ്കൽ പോയി വഴിപാടുകളർപ്പിക്കാം,*
*ശുഹദാക്കളോട് പ്രാർഥനകൾ നടത്താം!*
*തൗഹീദിന് ഒരു കോട്ടവും വരില്ല!*
*ഇസ്‌ലാം തകരുകയില്ല, ഈമാൻ തെറ്റുകയില്ല!"*
(*തഫ്ഹീമുൽ ഖുർആൻ* വാള്യം 2, പേജ് 98).

പ്രാർഥന, സഹായാർഥന, അദൃശ്യജ്ഞാനം, മരിച്ചവരുടെ കേൾവിയും സഹായവും, അമാനുഷിക സിദ്ധികളുള്ള വ്യക്തികൾ, അവരുടെ ദിവ്യശക്തികൾ, ഭൗതികേതര മാർഗങ്ങളിലൂടെയുള്ള സഹായം, പുതിയ ആരാധനാ രീതികളുടെ നിർമിതി തുടങ്ങിയ വിഷയങ്ങളിൽ ഇസ്‌ലാമിന്റെ മൗലികാധ്യാപനങ്ങൾ പൊളിച്ചെഴുതുന്ന വികല വീക്ഷണങ്ങൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. അല്ലാഹുവോളവും ചിലപ്പോൾ അല്ലാഹുവിലേറെയും കഴിവുകളുള്ള 'അമാനുഷിക വ്യക്തികളെ കുറിച്ച അത്ഭുതകഥകൾ' പുസ്തകങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും പ്രചരിപ്പിക്കുന്നു. പ്രപഞ്ചനിയന്ത്രണത്തിൽ അല്ലാഹുവോളം കഴിവുള്ള 'ഔലിയാക്കൾ' സൃഷ്ടിക്കപ്പെടുന്നു. നരകമോചന ചീട്ട് വിൽക്കുന്ന ക്രൈസ്തവ പുരോഹിതരുടെ മാതൃകയിൽ നരകമോചന-ശഫാഅത്ത് പത്രങ്ങൾ വിൽക്കുന്ന 'ഔലിയാക്കൾ' എഴുന്നള്ളിക്കപ്പെടുന്നു. പ്രവാചകന്മാർക്കു പോലും ലഭിക്കാത്ത കഴിവുകളുള്ള 'ഔലിയാക്കളു'ണ്ടത്രെ!

ഇക്കാലത്തെ റമദാൻ പ്രഭാഷണ പരമ്പരകളിൽ പലതും അന്ധവിശ്വാസ പ്രചാരണത്തിന്റെയും സാമ്പത്തിക നേട്ടത്തിന്റെയും ഒരു പ്രധാന വഴിയായിരിക്കുന്നു.

## ജീർണതകളുടെ നിർമിതി

ഇസ്‌ലാം നിശ്ചയിച്ച നിർബന്ധിതവും ഐഛികവുമായ ആരാധനാനുഷ്ഠാനങ്ങളിൽ പൗരോഹിത്യ ഇടപെടലുകൾക്ക് അവസരമുള്ളതോ മതമേലാളന്മാരായി ചമയുന്നവർക്ക് സാമ്പത്തിക ചൂഷണത്തിന് വഴിതുറക്കുന്നതോ ആയ ഒന്നുംതന്നെയില്ല. അതുകൊണ്ട് വരുമാനമാർഗങ്ങൾ തുറന്നുകിട്ടുന്ന, വിശ്വാസികളിൽനിന്ന് പണം പിടുങ്ങാവുന്ന പുത്തനാചാരങ്ങളും (ബിദ്അത്ത്) ജീർണതകളും (ഖുറാഫാത്ത്) സൃഷ്ടിച്ചുകൊണ്ടാണ് ആത്മീയ വിപണനക്കാർ ഇസ്‌ലാമിനെ വ്യാപാരവത്കരിക്കാൻ ശ്രമിക്കുന്നത്. നിശ്ചിത ആരാധനകൾക്കപ്പുറം സൃഷ്ടിക്കപ്പെട്ട പുത്തനാചാരങ്ങൾ ഒരു പുരോഹിതന്റെ സാന്നിധ്യം ആവശ്യപ്പെടുന്നതും സാമ്പത്തികനേട്ടം ഉണ്ടാക്കാവുന്നതുമാണെന്നതിൽ സംശയമില്ല. പൗരോഹിത്യം വേദഗ്രന്ഥത്തെ ദുർവ്യാഖ്യാനിച്ചും പുത്തൻ വീക്ഷണങ്ങൾ അവതരിപ്പിച്ചും ജീർണതകൾ സൃഷ്ടിക്കുന്നത് ഭക്തരുടെ പണം പിടുങ്ങാനാണെന്ന് ഖുർആൻ വിശദീകരിച്ചിട്ടുണ്ട് (*അൽബഖറ:* 79).

ഇസ്‌ലാമിലെ സ്വലാത്ത്, നമസ്കാരവും നബി(സ)ക്ക് വേണ്ടിയുള്ള പ്രാർഥനയുമാണ്. അതിൽനിന്ന് സാമ്പത്തിക നേട്ടങ്ങളൊന്നും ഉണ്ടാകില്ല. എന്നാൽ വരുമാനത്തിന്റെ അനന്തസാധ്യതകളുള്ളതാണ് 'സ്വലാത്ത് സമ്മേളനങ്ങൾ'. ഇസ്‌ലാമിലെ പവിത്രമായ സംജ്ഞകളെയും കർമങ്ങളെയും വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച് കച്ചവടമാക്കുകയാണ് പൗരോഹിത്യവും അവരുടെ സംഘടനകളും. വാരാന്ത-മാസാന്ത-വാർഷിക സ്വലാത്ത് സംഗമങ്ങളുടെ 'ആമാശയപരിസരം' എന്താണെന്ന് സ്വലാത്ത് ഫണ്ടുകളും സ്വലാത്ത് നേർച്ചപ്പെട്ടികളും ബോധ്യപ്പെടുത്തുന്നു. ദീൻ നിശ്ചയിച്ച പ്രബലമായ ഒരു സുന്നത്തിനെ കൊഞ്ഞനം കുത്തിക്കൊണ്ടാണ് റമദാനിൽ ചിലയിടങ്ങളിൽ 'സ്വലാത്തുത്സവം' നടക്കുന്നത്. റമദാനിലെ അവസാനത്തെ പത്തിൽ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുകയെന്നതാണ് നബിചര്യ-സുന്നത്ത്. ഈ സുന്നത്ത് ഒരു വരുമാനമാർഗമല്ല. അതുകൊണ്ട് പണപ്രധാനമായ ബിദ്അത്ത് സൃഷ്ടിക്കുന്നു- സ്വലാത്ത് സമ്മേളനം. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം!

സുന്നത്തും ബിദ്അത്തും കൂട്ടിക്കലർത്തിയും ബിദ്അത്തുകൾക്ക് സുന്നത്തിന്റെ ചായം പൂശിയുമാണ് ഇത്തരം ആത്മീയവൈകൃതങ്ങൾ അരങ്ങേറുന്നത്. ഭക്തജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ മാത്രമല്ല, വിമർശനങ്ങളെ മറികടക്കാനുള്ള തന്ത്രവുമാണിത്. ഖുർആന്റെ താക്കീത് ഇവിടെ പ്രസക്തമാകുന്നു: "എന്റെ സൂക്തങ്ങൾ തുഛം വിലയ്ക്ക് വിറ്റുകളയാതിരിക്കുക എന്നോട് മാത്രം ഭക്തി പുലർത്തുക. സത്യത്തെ മിഥ്യയുടെ ഉടുപ്പണിയിക്കാതിരിക്കുക, അറിഞ്ഞുകൊണ്ട് സത്യത്തെ മറച്ചുവെക്കാതിരിക്കുക" (*അൽബഖറ* 41,42).

ചൂഷണാധിഷ്ഠിതവും ബിദ്അത്തുമായ സ്വലാത്ത് മാമാങ്കങ്ങളെ വിമർശിക്കുമ്പോൾ; നമസ്കാരം, നബി(സ)ക്കുവേണ്ടിയുള്ള പ്രാർഥന എന്നീ അർഥത്തിലുള്ള സ്വലാത്തിനെ കുറിക്കുന്ന ഖുർആൻ ആയത്തുകളും ഹദീസുകളും ഉദ്ധരിച്ചാണ് പൗരോഹിത്യം 'പ്രതിരോധം' തീർക്കുക. ശിർക്ക്പരമായ ഖബ്‌റാരാധനയെയും മഖ്ബറകളിൽ നടക്കുന്ന മറ്റു ജീർണതകളെയും എതിർക്കുമ്പോൾ സുന്നത്തായ ഖബ്ർ സിയാറത്തിനെയാണ് ഇവർ കൂട്ടുപിടിക്കുക. ദിക്ർ ഹൽഖകളിലും ദിക്ർ-ദുആ സമ്മേളനങ്ങളിലും നടമാടുന്ന ബിദ്അത്തുകളത്രയും 'ദിക്റുല്ലാ'യുടെ പേരിലാണ് ന്യായീകരിക്കുക. ഇങ്ങനെ സുന്നത്തും ബിദ്അത്തും കൂട്ടിക്കലർത്തി, ദീനിനെപറ്റി വലിയ പിടിപാടില്ലാത്തവരെ തെറ്റിദ്ധരിപ്പിച്ച് കെണിയിൽ വീഴ്ത്തി

മതത്തെ പണം കായ്ക്കുന്ന മരമാക്കി മാറ്റാൻ ഇവർ ശ്രമിക്കുന്നു.

## അപഹാസ്യമായ അനുകരണം

അനിസ്‌ലാമിക സംസ്കാരങ്ങളിൽനിന്ന് കടംകൊണ്ടവയോ അവയെ അനുകരിച്ച് സ്വയം സൃഷ്ടിച്ചവയോ ആയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് മുസ്‌ലിം ഭക്തിക്കച്ചവടക്കാരുടെ മുഖ്യമൂലധനം. ഇതര മതങ്ങൾ, കൾട്ടുകൾ, നാട്ടാചാരങ്ങൾ തുടങ്ങിയവയിൽനിന്ന് പലതും കടംകൊണ്ട് ഇസ്‌ലാമിന്റെ ചായം പൂശി മാർക്കറ്റ് ചെയ്യുന്നു. അല്ലെങ്കിൽ ജാഹിലിയ്യത്തിന്റെ ജീർണതകളോട് മത്സരിക്കാനോ അവയെപ്പോലെ ഞങ്ങൾക്കും ചിലതൊക്കെ ഉണ്ടെന്ന് തെളിയിക്കാനോ നിശ്ചിത വിശ്വാസ-അനുഷ്ഠാനങ്ങളുടെ മറവിൽ പുത്തൻ ദുരാചാരങ്ങൾ സൃഷ്ടിക്കുന്നു. ഇങ്ങനെ അപഹാസ്യമായ അനുകരണമാണ് ആത്മീയതയുടെ പേരിൽ പുരോഹിതർ ചെയ്തുകൊണ്ടിരിക്കുന്നത്. മുമ്പ് ഇസ്രാഈല്യർ മൂസാനബിയോട് വിഗ്രഹത്തെ ചോദിച്ചതും ഇതേ അനുകരണമനസ്സിന്റെ ഫലമായിരുന്നു (*അൽ അഅ്റാഫ്*: 138).

ചരിത്രപ്രയാണത്തിൽ നിരവധി അനിസ്‌ലാമിക വിശ്വാസാചാരാങ്ങൾ, ഇതര മതങ്ങളിൽനിന്നും ചിന്താധാരകളിൽനിന്നും മുസ്‌ലിം സമൂഹത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. ഖബ്റാരാധന, പുണ്യവാളപൂജ, ജന്മദിനാഘോഷം, അദ്വൈതവാദം, അവതാരസങ്കൽപം തുടങ്ങിയവ ഉദാഹരണം. ചില സ്വൂഫി ചിന്തകൾ ഇതിന് സുഗമമായ വഴിയൊരുക്കി. മഖ്ബറകളുമായി ബന്ധപ്പെട്ട പലതും ഇതിന്റെ നേർസാക്ഷ്യങ്ങളാണ്. സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം, മംഗല്യ സൗഭാഗ്യം, സന്താന ലബ്ധി, രോഗശാന്തി, ശത്രുദോഷം മാറ്റൽ, ബാധയകറ്റൽ, അനുഗ്രഹങ്ങൾ ലഭിക്കൽ തുടങ്ങിയവക്ക് ഓരോന്നിനും പ്രത്യേകം പ്രത്യേകം ക്ഷേത്രങ്ങളുണ്ട്. അപ്രകാരം, ഇത്തരത്തിലുള്ള ഓരോ ആവശ്യവും നിറവേറ്റുന്നതിന് വെവ്വേറെ മഖ്ബറകളുമുണ്ട്! മഖ്ബറകളുടെ ഈ സ്പെഷ്യലൈസേഷൻ ഹൈന്ദവ വിശ്വാസത്തിൽനിന്ന് കടമെടുത്തതാണ്. മഖ്ബറകളിൽനിന്ന് പലതരം 'മരീദ'കൾ വിതരണം ചെയ്യപ്പെടുന്നു. അപ്പങ്ങൾ, വെളിച്ചെണ്ണ, ഗോതമ്പ്, വെളിച്ചെണ്ണയിൽ പൊരിച്ച് പഞ്ചസാര ചേർത്ത പലഹാരം, ചന്ദനത്തിരിയുടെയും മറ്റും ചാരം തുടങ്ങിയവയൊക്കെ വിശേഷവസ്തുക്കളാണ്. ഹൈന്ദവ ക്ഷേത്രങ്ങളിലെ 'പ്രസാദ'ങ്ങളോടാണ് ഈ 'മരീദ'കൾക്ക് സാദൃശ്യം. ഉറൂസുകൾക്ക് ഇസ്‌ലാമിക പാരമ്പര്യമല്ല; പൂരം, തിറ, വേല തുടങ്ങിയ ഹൈന്ദവാചാരങ്ങളുടെ മാതൃകകളാണുള്ളത്. ദർഗകളിലെ പെട്ടിവരവുകൾക്ക് ക്ഷേത്രങ്ങളിലെ കലവറ നിറക്കൽ ചടങ്ങുകളുമായി ഏറെ സാമ്യതയുണ്ട് (ഡോ. എം. ഗംഗാധരന്റെ *മാപ്പിള പഠനങ്ങൾ, വചനം ബുക്സ്, കോഴിക്കോട്*).

മുസ്‌ലിം സമുദായത്തിലെ ചിലർ ചരിത്രത്തിൽ പലപ്പോഴും നടത്തിയിട്ടുള്ള ഇതര മതധാരകളിൽനിന്നുള്ള ഇത്തരം കടമെടുക്കലുകൾ വർത്തമാനകാലത്തും തുടരുന്നു. ആധുനിക ആൾദൈവങ്ങളും കൾട്ടുകളും അവരവരുടെ മതങ്ങളുടെ മറപറ്റി നിർമിച്ചെടുത്ത ആനന്ദോത്സവങ്ങളുടെയും കരിസ്മാറ്റിക് ധ്യാനങ്ങളുടെയും അപഹാസ്യമായ അനുകരണമാണ് സ്വലാത്ത്-ദിക്ർ സമ്മേളനങ്ങളിലും സൈക്കോ തസ്വവ്വുഫിലും മറ്റും കാണുന്നത്. ആൾദൈവങ്ങൾ ഏതൊരു ആൾക്കൂട്ട മനശ്ശാസ്ത്രത്തെയാണോ ഉപയോഗപ്പെടുത്തുന്നത്, അതേ ആൾക്കൂട്ട മനശ്ശാസ്ത്രത്തെയാണ് സ്വലാത്ത് -ദിക്ർ ഉത്സവങ്ങളുടെ സംഘാടകരും ലക്ഷ്യം വെക്കുന്നത്. ആൾദൈവങ്ങളുടെ കേന്ദ്രങ്ങളിലെ ധ്യാനങ്ങൾ, ആർപ്പുവിളികൾ, ആത്മീയാവതാരങ്ങളുടെ എഴുന്നള്ളത്ത്, ആലിംഗനം, കൈ ചുംബിക്കൽ, പ്രത്യേക ഈണത്തിലും താളത്തിലുമുള്ള നാമജപം-പ്രാർഥനകൾ, 'വിശ്വശാന്തി'യെയും 'സ്നേഹസാമ്രാജ്യ'ത്തെയും കുറിച്ച അനുഗ്രഹ പ്രഭാഷണങ്ങൾ തുടങ്ങിയവയുടെയെല്ലാം വൈകൃതങ്ങളോടെയുള്ള പകർപ്പ് 'മുസ്‌ലിം ആത്മീയോത്സവ'ങ്ങളിലും കാണാം. ആനന്ദോത്സവ-അമൃതവർഷ നഗരികളോട് താദാത്മ്യം പ്രാപിക്കാനുള്ള ത്വര ഈ വരികളിലുണ്ട്: "മൗലിദ്, റാത്തീബ്, ദിക്ർ ഹൽഖകൾ, സ്വലാത്ത് മജ്‌ലിസ് തുടങ്ങിയവ ഇന്ന് അടച്ചിട്ട മുറികളിലെ സ്വകാര്യ സംഭവങ്ങളല്ല. തുറന്ന സ്ഥലത്ത് വൻ ജനക്കൂട്ടത്തെ ആകർഷിക്കുന്ന ആത്മീയ സദസ്സുകളാണ്" (എസ്.വൈ.എസ് സുവർണ ജൂബിലി സുവനീർ, 2004 പേജ് 60). ശ്രീശ്രീയുടെ അതിജീവനകലക്ക് ഒരു ഇസ്‌ലാമിക ബദലായാണത്രെ 'സൈക്കോ തസ്വവ്വുഫ്' ആവിഷ്കരിച്ചിട്ടുള്ളത്!

## സിദ്ധന്മാരുടെ സ്വൈരവിഹാരം

ആത്മീയതയുടെ മുസ്‌ലിം വിപണിയിൽ ഗണ്യമായ കച്ചവടം നടക്കുന്നത് ദിവ്യത്വം അവകാശപ്പെടുന്ന സിദ്ധന്മാരുടെയും ബീവിമാരുടെയും കൗണ്ടറുകളിലാണ്. സർവ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്ന, കറാമത്തുകളുടെ നിറകുടങ്ങളായ തങ്ങളുപ്പാപ്പമാരുടെയും ജിന്ന് ബീവിമാരുടെയും 'ആത്മീയ ചികിത്സാ കേന്ദ്രങ്ങൾ' പൊങ്ങുകയും മുങ്ങുകയും ചെയ്യുമ്പോൾ, അതിനിടയിൽ സാമ്പത്തിക ചൂഷണവും ലൈംഗിക പീഡനങ്ങളും നിർബാധം നടമാടുന്നു, സിദ്ധന്മാരും ബീവിമാരും തടിച്ചുകൊഴുക്കുന്നു. പണവും മാനവും നഷ്ടപ്പെട്ട് 'ഭക്തജനം' പെരുവഴിയിലാകുന്നു.

മുസ്‌ലിം സമൂഹത്തിൽ അന്ധവിശ്വാസ വിപണനം ഏറ്റവുമധികം നടക്കുന്നത് ചികിത്സയുടെയും പ്രശ്നപരിഹാരങ്ങളുടെയും പേരിലാണ്. മാറാരോഗങ്ങൾ മാറ്റുക, ബാധയൊഴിപ്പിക്കുക, ശത്രുദോഷം തീർക്കുക, സിഹ്റിനെ പ്രതിരോധിക്കുക, സന്താന സൗഭാഗ്യം നൽകുക, ഭർത്താവിന്റെ/ ഭാര്യയുടെ സ്നേഹം സമ്പാദിക്കുക, ഗൾഫിലുള്ള ഭർത്താവ് മടങ്ങിവരിക, നല്ല ജോലി ലഭിക്കുക, പരീക്ഷയിൽ വിജയിക്കുക, കുടുംബപ്രശ്നങ്ങൾ പരിഹരിക്കുക, പെൺമക്കളുടെ വിവാഹം ശരിയാക്കുക, നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുക, നിധി പ്രത്യക്ഷപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റാനാണ് അന്ധവിശ്വാസികൾ സിദ്ധന്മാരെയും ബീവിമാരെയും സമീപിക്കുന്നത്. അവർക്ക് എന്താവശ്യവും നിറവേറ്റാനുള്ള അമാനുഷ സിദ്ധികളും അദൃശ്യജ്ഞാനവും കറാമത്തുകളും ഉണ്ടെന്ന് പാമരന്മാർ ധരിച്ചുവശാകുന്നു. തങ്ങളുടെ/ബീവിയുടെ ഒരു മന്ത്രിച്ചൂത്തുകൊണ്ട്, തടവൽ കൊണ്ട്, സിദ്ധകേന്ദ്രത്തിലെ കൊടിമരത്തെയോ തൂണിനെയോ മരത്തെയോ പ്രദക്ഷിണം വെക്കുന്നതുകൊണ്ട്, സിദ്ധൻ/ബീവി മന്ത്രിച്ച് നൽകുന്ന നൂല്, വെള്ളം, എണ്ണ, വസ്ത്രം, തകിട്, ഏലസ്സ്, ഭസ്മം തുടങ്ങിയവ ഉപയോഗിക്കുന്നതുകൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന് ഭക്തജനം ഉറച്ചുവിശ്വസിക്കുന്നു! ഇത്തരം അന്ധവിശ്വാസങ്ങളിലേക്ക് പാമരന്മാരെ നയിക്കുന്ന വിധത്തിലുള്ള വിശ്വാസങ്ങളും വാദങ്ങളും യാഥാസ്ഥിതിക പൗരോഹിത്യം പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചുകൊണ്ട് പ്രചരിപ്പിക്കുന്നത് സിദ്ധന്മാർക്കും ഭക്തജനങ്ങൾക്കും അനുകൂല സാഹചര്യമൊരുക്കുന്നു.

പ്രധാനമായും രണ്ടു രീതിയിലാണ് ഇത്തരം തട്ടിപ്പുകൾ അരങ്ങേറുന്നത്. ആയുർവേദം, യൂനാനി, ഹോമിയോ, സിദ്ധ വൈദ്യം, പ്രവാചകവൈദ്യം, പാരമ്പര്യ ചികിത്സ തുടങ്ങിയവയുടെ ലേബലിൽ നിയമാനുസൃത വൈദ്യചികിത്സയെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് നടത്തുന്ന 'ആത്മീയ ചികിത്സ'യാണ് ഒന്നാമത്തേത്. മരുന്നും മന്ത്രവും അവസരോചിതം ഉപയോഗിക്കുന്ന ഇത്തരം ചികിത്സകർ 'ഹകീം', 'തങ്ങൾ' എന്നീ പേരുകൾ ഉപയോഗിച്ചുകൊണ്ട് ആത്മീയത തന്നെയാണ് വിപണനം ചെയ്യുന്നത്. അവയിൽ ചിലതിന്റെ പരസ്യം ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും: "മഹാന്മാരുടെ ഇജാസത്ത് പ്രകാരം നിങ്ങളുടെ ശാരീരികവും മാനസികവും ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നു. ബിസിനസ്, വീട്, യാത്ര എന്നിവക്ക് അറേബ്യൻ ആസ്ട്രോളജി പ്രകാരം മാർഗനിർദേശങ്ങൾ നൽകുന്നു. കൂടാതെ മാറാവ്യാധി

കൾക്ക് പാരമ്പര്യവിധിപ്രകാരം ചികിത്സ നടത്തുന്നു. അതോടൊപ്പം ആയുർവേദം-യൂനാനി എന്നീ ചികിത്സകളും നൽകുന്നു.” “വാതസംബന്ധമായ രോഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന എല്ലാവിധ മാനസികരോഗങ്ങൾക്കും, സന്താനങ്ങൾ ഇല്ലാതെ വിഷമിക്കുന്ന സ്ത്രീ-പുരുഷന്മാർക്കും മഹാന്മാരുടെ ഇജാസിയത്ത് പ്രകാരം ചികിത്സിക്കുന്നു ഹകീം...തങ്ങൾ.” രണ്ട് വൈദ്യശാലകളുടെ പരസ്യം ശ്രദ്ധിക്കുക: ‘മമ്പുറം തങ്ങൾ മഹാനവർകളുടെ പേരിൽ സ്ഥാപിതമായ ചികിത്സാലയം’, ‘മമ്പുറം മഖാമിൽ കാൽനൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച ഹകീം.. മൗലവിയുടെ സേവനം ലഭിക്കുന്നു.’

വിശദീകരണം ആവശ്യമില്ലാത്ത വിധം സ്വയം സംസാരിക്കുന്ന ഇത്തരം പരസ്യങ്ങൾ യാഥാസ്ഥിതിക ഗ്രൂപ്പുകളുടെ പ്രസിദ്ധീകരണങ്ങളിൽ നിർലോഭം പ്രത്യക്ഷപ്പെടുന്നു. അതുവഴി, സംഘടനാ വൃത്തങ്ങളിൽ ഉപഭോക്താക്കളെ ലഭിക്കുന്നു. ഇതിനു പുറമെ അറബിക് മാന്ത്രികം, ഇസ്‌ലാമിക മന്ത്രവാദം, റൂഹാനീ ഇലാജ്, ഇസ്മ് ചികിത്സ, ദോഷരഹിത മുസ്‌ലിം വാസ്തുവിദ്യ തുടങ്ങിയ ധാരാളം കച്ചവടമാർഗങ്ങളുമുണ്ട്. അവയുടെ പ്രചാരണത്തിന് പരസ്യങ്ങൾ, ലേഖനങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയും വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ചില പുസ്തകങ്ങളുടെ തലക്കെട്ടുകൾ ശ്രദ്ധിക്കുക: ‘റൂഹാനീ ഇലാജ് എന്ന ദവാഉൽനഖ്ശ്-നഖ്ശുകൾ കൊണ്ടുള്ള ചികിത്സ’, ‘സർവരോഗ ചികിത്സാമുറകൾ അഥവാ ഇസ്മ് ചികിത്സ അഥവാ മരുന്നും മന്ത്രവും’, ‘ഇസ്മു ചികിത്സാ രഹസ്യങ്ങൾ അഥവാ അസ്മാഉൽ ഹുസ്നാ ഒരു സമഗ്രപഠനം’, ‘ഇസ്മുൽ അഹ്ളം ദിക്റുകളും വിർദുകളും-ദിക്റിന്റെ ഫാഇദകൾ’, ‘മുസ്‌ലിം വാസ്തുവിദ്യ- ഭവനനിർമാണം: തെറ്റും ശരിയും.’

അത്ഭുതസിദ്ധികളും കറാമത്തുകളും അവകാശപ്പെടുന്ന മഹാനവർകളായ തങ്ങളുപ്പാപ്പ/ സിദ്ധൻ/ ബീവി തുടങ്ങിയവരുടെ പോരിശയാക്കപ്പെട്ട ‘ആത്മീയ-മന്ത്രവാദ ചികിത്സ’യാണ് രണ്ടാമത്തേത്. ആദ്യ വിഭാഗം മരുന്ന് ഫലിക്കാനാണ് മന്ത്രം ജപിക്കുന്നതെങ്കിൽ, ഈ വിഭാഗം മന്ത്രവാദ ചികിത്സയുടെ ഫലം തെളിയിക്കാൻ ആയുർവേദ-യൂനാനി-ഹോമിയോ- ഇംഗ്ലീഷ് മരുന്നുകൾ അവസരോചിതം രഹസ്യമായി ഭക്തർക്ക് നൽകുന്നു. ഇത്തരം സിദ്ധന്മാരുടെയും ബീവിമാരുടെയും ബഹുവിധ ചൂഷണങ്ങൾക്ക് സമീപകാലത്ത് ധാരാളം ഇരകളുണ്ടായിട്ടുണ്ട്.

കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, തൃശൂർ ജില്ലകളിൽ അടുത്ത കാലത്തായി അത്ഭുത സിദ്ധി അവകാശപ്പെടുന്ന, മുസ്‌ലിം നാമധാരികളായ അനേകം ആത്മീയ ചൂഷകർ രംഗപ്രവേശം ചെയ്യുകയുണ്ടായി. മാനസിക രോഗികൾ, ബിസിനസ് തകർന്നവർ, ഗൾഫിൽ പോയി ജോലി ശരിപ്പെടാതെ തിരിച്ചുവന്നവർ, ക്രിമിനൽ കേസുകളിലകപ്പെട്ട് പോലീസ് അന്വേഷിക്കുന്നവർ, ശിക്ഷിക്കപ്പെട്ടവർ, പെണ്ണുകെട്ട് വീരന്മാർ തുടങ്ങി ആർക്കും സിദ്ധന്മാരാകാവുന്ന വിധം ആത്മീയ വിപണനത്തിന്റെ ഓപ്പൺ മാർക്കറ്റാണ് നിലവിലുള്ളത്. ഒരു സുപ്രഭാതത്തിൽ എങ്ങുനിന്നോ വന്ന ഒരാൾ കറാമത്തുകൾ വാദിച്ച് ആത്മീയ വ്യാപാരം ആരംഭിക്കുന്നു. ഫീൽഡ് റെപ്രസന്റീറ്റീവുകളായ മുരീദന്മാർ പ്രചാരണം നടത്തി ഉപഭോക്താക്കളെ ആകർഷിക്കുന്നു. സിദ്ധൻ തമ്പടിച്ച സ്ഥലത്തേക്കാളേറെ മറ്റു പ്രദേശങ്ങളിൽനിന്ന് പാതിരാവുകളിൽ പോലും ഭക്തർ ആവശ്യനിവൃത്തിക്കായി എത്തുന്നു. ചികിത്സ പൊടിപൊടിക്കുമ്പോൾ ഭക്തകളുടെ മാനം വരെ ശൈഖിന് സമർപ്പിക്കപ്പെടുകയോ കവർന്നെടുക്കുകയോ ചെയ്യുന്നു. തട്ടിപ്പുകൾ പുറത്താകാതിരിക്കാൻ ഭീഷണിപ്പെടുത്തലുകൾ മാത്രമല്ല, കൊലപാതങ്ങൾ വരെ നടക്കുന്നു. യാഥാസ്ഥിതിക ഗ്രൂപ്പുകളുടെ പ്രാദേശിക നേതാക്കൾ, രാഷ്ട്രീയ നേതാക്കൾ, മഹല്ല് ഭാരവാഹികൾ, പൗരപ്രമുഖർ, നിയമപാലകർ തുടങ്ങിയവരെയെല്ലാം പലവിധത്തിൽ പ്രീണിപ്പിച്ചുനിർത്തി തട്ടിപ്പ് പരമ്പര തുടരുന്നു. പിടിക്കപ്പെടുമെന്ന് തോന്നുന്ന ഘട്ടത്തിൽ സിദ്ധനും സിൽബന്ധികളും മുങ്ങുന്നു. അല്ലെങ്കിൽ ചൂഷണം ചെയ്യപ്പെട്ടവരിലാരെങ്കിലും-മിക്കവാറും ലൈംഗികപീഡനത്തിന് വിധേയയായ സ്ത്രീ- ബഹളം വെക്കുകയോ പോലീസിൽ പരാതി നൽകുകയോ ചെയ്യുന്നതോടെ സിദ്ധനും കൂട്ടാളികളും പിടിക്കപ്പെടുന്നു. അതോടെ തട്ടിപ്പു സംഭവങ്ങൾ പലതും പുറത്തുവരുന്നു. സ്വാധീനമുപയോഗിച്ച് പുറത്ത് കടക്കുന്ന സിദ്ധൻ മറ്റൊരു പ്രദേശത്ത് നിഷ്പ്രയാസം ആത്മീയ വ്യാപാരം തുടരുന്നു. തട്ടിപ്പുകൾ പുറത്തുവരുന്നതോടെ യാഥാസ്ഥിതിക ഗ്രൂപ്പുകൾ അയാളെ ‘വ്യാജൻ’ എന്ന് മുദ്രകുത്തി തടിതപ്പുന്നു. ‘ഒറിജിനൽ’ സിദ്ധനെ തേടി ഭക്തജനം വീണ്ടും ആത്മീയ യാത്രകൾ തുടരുന്നു.

യഥാർഥത്തിൽ യാഥാസ്ഥിതിക ഗ്രൂപ്പുകളും അവരുടെ പണ്ഡിത കേസരികളുമാണ് സിദ്ധന്മാരുടെ തട്ടിപ്പുകൾക്കും അവസരമൊരുക്കുന്നതും ഉപഭോക്താക്കളെയും സംരക്ഷണവും നൽകി നിലനിർത്തുന്നതും. ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും:

1. ഖബ്റാരാധനക്കും പുണ്യവാളപൂജക്കും ഔലിയാക്കളുടെ അമാനുഷ സിദ്ധികൾ തെളിയിക്കാനും മറ്റുമായി പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ച് ഒരുക്കിയെടുത്ത അന്ധവിശ്വാസ ഭൂമികയിലാണ് സിദ്ധന്മാർ സ്വൈരവിഹാരം നടത്തുന്നത്. ‘അദൃശ്യം (ഗൈബ്) അറിയുന്ന, അത്ഭുത സിദ്ധികൾകൊണ്ട് രോഗം മാറ്റുന്ന, അല്ലാഹുവിൽനിന്ന് കറാമത്തുകളും മൺമറഞ്ഞ ഔലിയാക്കളിൽനിന്ന് ഇജാസത്തും ലഭിച്ച മഹാന്മാരുണ്ടാകും. അവരെ മാനസികരോഗികളെപ്പോലെ തോന്നും. ജദ്ബിന്റെ മഹോന്നതാവസ്ഥയാണത്, അവർക്ക് നിർബന്ധകർമങ്ങൾ നിർവഹിക്കേണ്ടതില്ല, ഹറാം-ഹലാൽ നിയമങ്ങൾ പാലിക്കേണ്ടതില്ല, അവരുടെ പ്രവൃത്തികളൊന്നും നമുക്ക് മനസ്സിലാക്കാൻ കഴിയില്ല’ തുടങ്ങിയ പിഴച്ച വാദങ്ങൾ എഴുതിയും പ്രസംഗിച്ചും പ്രചരിപ്പിച്ച്, പാമരന്മാരെ അന്ധവിശ്വാസികളാക്കി നിലനിർത്തുന്നു. ഖുർആനും ഹദീസും ചരിത്രവുമെല്ലാം ഇതിനായി വളച്ചൊടിക്കുന്നുമുണ്ട്. രംഗത്തുവരുന്ന ഏതു സിദ്ധനും ബീവിയും ഇതേ വാദങ്ങളാണുയർത്തുന്നത്. ജനം അവരെ സമീപിക്കുന്നതും ഇതേ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. മാനസികരോഗിയും പണം പിടുങ്ങുന്നവനും ലൈംഗികചൂഷകനും ജനങ്ങൾക്ക് ‘ഔലിയ’യായി മാറുന്നു. അത്തരം ചെയ്തികളെല്ലാം മഹാനവർകളുടെ, ‘നമുക്ക് തിരിയാത്ത’ കറാമത്തുകളാണവർക്ക്! ഒരിടത്ത് ചേലാകർമം ചെയ്യാത്ത, അമുസ്‌ലിമായ ഒരു ഔലിയയുടെ ലൈംഗിക ചൂഷണത്തിനിരയായ ഒരു മുസ്‌ലിം സ്ത്രീയെ ഭർത്താവ് സമാശ്വസിപ്പിച്ചത് ‘അദ്ദേഹം വലിയ ഔലിയയാണ്, ഔലിയാക്കൾക്ക് ചേലാകർമം ആവശ്യമില്ല, ശൈഖിന് പൂർണമായും കീഴ്പ്പെടേണ്ടത് മുരീദുകളുടെ ബാധ്യതയാണ്’ എന്നെല്ലാം പറഞ്ഞുകൊണ്ടായിരുന്നു! ഇസ്‌ലാമിക വിധിവിലക്കുകൾ പൂർണമായി പാലിക്കുകയും ശരീഅത്ത് അംഗീകരിച്ച് ജീവിക്കുകയും ചെയ്യുന്നവർ മാത്രമേ യഥാർഥ വലിയ്യാകൂ എന്നാണ് വാദമെങ്കിൽ ഇന്ന് മഖ്ബറകൾക്കകത്തു കിടക്കുന്ന പലരും അങ്ങനെയുള്ളവരായിരുന്നില്ലല്ലോ. സി.എം മടവൂർ നമസ്കാരവും നോമ്പും ഇല്ലാത്ത ആളായിരുന്നുവെന്ന് ശിഷ്യന്മാർ തന്നെ വ്യക്തമായി രേഖപ്പെടുത്തിയ പുസ്തകങ്ങൾ ഉണ്ട്. നമസ്കാരം ഉപേക്ഷിക്കുന്നയാൾ എങ്ങനെയാണ് വലിയ്യ് ആവുക? ഇതേ വാദം ഉന്നയിച്ചുകൊണ്ടുതന്നെയല്ലേ സിദ്ധന്മാർ വിലസുന്നത്? യഥാർഥത്തിൽ ഇത്തരം ഔലിയാക്കളെയും സിദ്ധന്മാരെയും ‘ഒറിജിനൽ’, ‘വ്യാജൻ’ എന്നൊക്കെ വേർതി

രിക്കുന്നത് ഓട്ട ബക്കറ്റിൽ വെള്ളം കോരുന്നതുപോലുള്ള വിഡ്ഢിത്തമാണ്.

2. എല്ലാ സിദ്ധന്മാർക്കും ഉപഭോക്താക്കളെ നൽകുന്നത് യാഥാസ്ഥിതികധാര തന്നെയാണ്. സിദ്ധന്മാരിൽ വിശ്വസിക്കുന്നതും ചൂഷണത്തിനിരകളാകുന്നതും പാരമ്പര്യ 'സുന്നീ' ഗ്രൂപ്പുകളുടെ പ്രവർത്തകരും അറബി ഖുത്ബകൾ കേൾക്കുന്നവരും അവരുടെ മദ്റസകളിൽ പഠിച്ചവരും വഅ്ള് പരമ്പരകൾ കേൾക്കുന്നവരുമാണ്.

3. സിദ്ധന്മാരുടെ ചികിത്സാ കേന്ദ്രങ്ങൾക്ക് സംരക്ഷണം നൽകുന്നത് 'സുന്നീ' പ്രവർത്തകരും 'സുന്നീ' മഹല്ല് നേതൃത്വങ്ങളുമാണ്. 'ഒറിജിനൽ', 'വ്യാജൻ' വേർതിരിവുകൾക്ക് ശേഷമല്ല ഇത്. ഒറിജിനൽ-വ്യാജന്മാരെ വേർതിരിച്ച ഒരു ലിസ്റ്റും യാഥാസ്ഥിതിക ഗ്രൂപ്പുകൾ ഇന്നുവരെ പ്രസിദ്ധീകരിച്ചിട്ടുമില്ല. ക്രിമിനൽ പശ്ചാത്തലം ഉള്ളവരും തട്ടിപ്പുകേസുകളിലെ പ്രതികളും ബിസിനസ് പൊളിഞ്ഞവരുമൊക്കെ മഹല്ല് സംരക്ഷണത്തിൽ സിദ്ധവേശം കെട്ടിയാടുന്നതു കാണാം. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിക്കടുത്ത എക്കാപറമ്പിലും കോഴിക്കോട് ജില്ലയിലെ മാവൂരിനടുത്ത ചെറൂപ്പയിലും ഇതിന് ഉദാഹരണങ്ങളുണ്ട്.

4. സിദ്ധന്മാരുടെയും ബീവിമാരുടെയും തട്ടിപ്പുകൾക്കെതിരെ യാതൊരുവിധ ബോധവത്കരണ പരിപാടികളും ഇന്നോളം യാഥാസ്ഥിതിക ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. തട്ടിപ്പുകൾ പുറത്തായ ശേഷം വ്യാജമുദ്ര കുത്തി രക്ഷപ്പെടുന്നതിനു പകരം അത്തരക്കാർക്കെതിരെ പ്രചാരണം നടത്താൻ എന്തുകൊണ്ടിവർ മുന്നോട്ടുവരുന്നില്ല? എന്നു മാത്രമല്ല മതജീർണതകൾക്കും ആത്മീയ കച്ചവടങ്ങൾക്കും എതിരെ പൊരുതാൻ രംഗത്തുവരുന്നവർക്കെതിരിലാണ് ഇവർ അണിനിരക്കാറുള്ളത്.

അതുകൊണ്ടുതന്നെ തൗഹീദിലധിഷ്ഠിതമായ ഇസ്‌ലാമിന്റെ അനുയായികളിൽ, അന്ധവിശ്വാസങ്ങൾക്കും സിദ്ധന്മാരുടെ ചൂഷണങ്ങൾക്കും ഇടം കിട്ടുകയും ആത്മീയ വ്യാപാരം മുന്നോട്ടു പോവുകയും ചെയ്യുന്നു. ◆